ബാലവേദി അവധിക്കാല കൂട്ടായ്മ സംഘടിപ്പിച്ചു

നെടുമങ്ങാട്

ലൈബ്രറി കൗൺസിലിന്റെ ആഭിമുഖ്യത്തിൽ അരശുപറമ്പ് കർഷക സഹായി ഗ്രന്ഥശാലയിൽ ബാലവേദി അവധിക്കാല കൂട്ടായ്മ സംഘടിപ്പിച്ചു. താലൂക്ക് ലൈബ്രറി കൗൺസിൽ ജോയിന്റ് സെക്രട്ടറി മുരുകൻ കാച്ചാണി ഉദ്ഘാടനം ചെയ്തു. കുമാരി അധ്യക്ഷയായി. ഗ്രന്ഥശാല സെക്രട്ടറി പി ജി പ്രേമചന്ദ്രൻ, കൗൺസിലർ എസ് അജിത, ബി ചക്രപാണി, രഞ്ജിത്ത് രാജ്, അശോക് കുമാർ, വിജു ബി നാഥ്, രാമചന്ദ്രൻ നായർ എന്നിവർ സംസാരിച്ചു.തുടർന്ന് കുട്ടികളുടെ കലാപരിപാടികളും നടന്നു. ബാലവേദി ഭാരവാഹികളായി ജോബിൻ (പ്രസിഡന്റ്), മയൂഖ (സെക്രട്ടറി) എന്നിവരെ തെരഞ്ഞെടുത്തു.

അക്ഷരം പ്രകാശിപ്പിച്ചു

വർക്കല

കല്ലമ്പലം അക്ഷര സാംസ്കാരിക വേദിയുടെ 'അക്ഷരം 23' മാഗസിൻ നടൻ ജഗതി ശ്രീകുമാർ ചിത്രകാരൻ കടയ്ക്കാവൂർ ഗിരീഷിന് നൽകി പ്രകാശിപ്പിച്ചു. എൽ സി രാജേഷ്, എം പി ശശിധരൻ നായർ, കെ തങ്കപ്പൻ, വിശ്വകുമാർ, രഞ്ചു, ഉഷ എന്നിവർ സംസാരിച്ചു.

വിവാഹം

തോന്നയ്ക്കൽ

ഭൂദാന കോളജി അഖിൽ ഭവനിൽ ജെ കുഞ്ഞുമോന്റെയും എസ് ശോഭനയുടെയും മകൾ അക്സാ കുഞ്ഞുമോനും ചിതറ ഇരപ്പിൽ മാങ്കോട് ഷൈജാമന്ദിരത്തിൽ വേണുവിന്റെയും കൃഷ്ണുമാരിയുടെയും മകൻ വിഷ്ണുദത്തനും വിവാഹിതരായി.

തോന്നയ്ക്കൽ

ശ്രേയസ്ഭവനിൽ രാമചന്ദ്രൻനായരുടെയും സുമ രാമചന്ദ്രൻനായരുടെയും മകൻ ശ്യാംചന്ദ്രനും നെയ്യാറ്റിൻകര തെക്കേ പൂമുഖത്തിൽ വി കെ കൃഷ്ണകുമാറിന്റെയും ജഗദ കൃഷ്ണന്റെയും മകൾ ജെ ശരണ്യ കൃഷ്ണയും വിവാഹിതരായി.

ചേരപ്പള്ളി

പൊട്ടൻചിറ ആശാഭവനിൽ ശശി ലാസറിന്റെയും അനി ശശിയുടെയും മകൻ അഭിലാഷും ചേരപ്പള്ളി ഷാജിഭവനിൽ പരേതനായ ഡി തങ്കരാജന്റെയും ആർ ശാന്തയുടെയും മകൾ ആതിരയും വിവാഹിതരായി

സിനിമ

തിരുവനന്തപുരം

കൈരളി
- 2018 (11.15, 2.30, 6.00, 9.15, 11.59)

ശ്രീ
- നെയ്യർ (11.00, 6.00, 9.15)
- പൊന്നിയിൻ സെൽവൻ 2 (M) (2.30, 11.59)

നിള
- പാച്ചുവും അത്ഭുതവിളക്കും (11.00, 2.30, 6.00, 9.30)

കലാഭവൻ
- 2018 (11.30, 2.30, 6.15, 9.15, 11.59)

ലെനിൻ സിനിമാസ്
- നീലവെളിച്ചം (4.00, 9.00)
- ബി32 – 44 (11.30)
- EVIL DEAD RISE (2.00, 7.00, 11.30)

അജന്ത
- നെയ്യർ (11.15, 2.15, 10.15)
- പൊന്നിയിൻ സെൽവൻ 2 (6.30)

ഏരീസ് പ്ലക്സ് എസ്എൽ സിനിമാസ്

ഓഡി 1
- 2018 (11..30, 3.00, 6.30, 10.00)

ഓഡി 2
- പൊന്നിയിൻ സെൽവൻ 2 (2.45, 6.30)
- പൊന്നിയിൻ സെൽവൻ 2 (M) (11.15, 2.00, 4.45, 7.45, 10.55)

ഓഡി 3
- ഫർഹാന (11.00, 10.10)
- IB71 (1.45)
- EVIL DEAD (4.15)
- പൊന്നിയിൻ സെൽവൻ 2 (6.30)

ഓഡി 4
- കേരള സ്റ്റോറി (10.15, 1.15, 4.15, 7.30)
- ജാനകി ജാനെ (10.30)

ഓഡി 5
- GUARDIANS OF THE GALAXY (10.15)
- 2018 (1.15, 4.30, 7.45, 11.00)

ഓഡി 6
- ജാനകി ജാനെ (10.00)
- പാച്ചുവും അത്ഭുതവിളക്കും (12.30, 4.00, 7.30, 10.45)

വർക്കല

വിമല
- 2018 (11.00, 3.00, 6.30, 9.45)

എസ് ആർ
- പത്താം വളവ് (11.00, 3,00, 6.30, 9.45)

സ്റ്റാർ
- DON (11.00, 3.00, 6.15, 9.30)

വെട്ടുറോഡ്

ഹരിശ്രീ (0471 2755666)
- 2018 (11.15, 2.30, 6.15, 9.30)

വെഞ്ഞാറമൂട്

സിന്ധു സിനിമ
- പൊന്നിയിൻ സെൽവൻ 2

പോത്തൻകോട്

എച്ച് കെ സിനിമാസ് (0471 2715555)
- നെയ്യർ (11.15, 2.30, 6.15, 9.30)

എം ടി സിനി പ്ലക്സ് (2419515)

ഡെല 1
- പാച്ചുവും അത്ഭുതവിളക്കും (11.00, 2.30, 6.15, 9.45)

ഡെല 2
- EVIL DEAD RISE (11.00, 2.30, 6.30, 9.30)

നെടുമങ്ങാട്

റാണി ടാക്കീസ്

സ്ക്രീൻ 1
- 2018 (11.00, 2.30, 6.00, 9.30)

സ്ക്രീൻ 2
- പൊന്നിയിൻ സെൽവൻ 2 (11.00, 230, 6.00, 9.30)

■ അഴിമതി, അധികാര ദുർവിനിയോഗം

കരവാരം പഞ്ചായത്തിനെതിരെ പ്രതിഷേധം

കരവാരം പഞ്ചായത്ത് ഭരണസമിതിക്കെതിരെ മുൻ പഞ്ചായത്ത് ഭരണസമിതിയംഗങ്ങൾ പഞ്ചായത്ത് സെക്രട്ടറിക്ക് പരാതി നൽകുന്നു

കിളിമാനൂർ

കരവാരം പഞ്ചായത്തിലെ ബിജെപിയുടെ അഴിമതി ഭരണത്തിനും അധികാര ദുർവിനിയോഗത്തിനുമെതിരെ മുൻ ഭരണസമിതിയുടെ പ്രതിഷേധം. നേരത്തേയുള്ള പദ്ധതികളിൽ സ്ഥാപിച്ച ശിലാഫലകമുൾപ്പെടെ മാറ്റാനുള്ള ഭരണസമിതിയുടെ തീരുമാനത്തിനെതിരെ മുൻ ഭരണസമിതി അംഗങ്ങൾ പഞ്ചായത്ത് സെക്രട്ടറിക്ക് പരാതി നൽകി. പഞ്ചായത്തോഫീസിന് മുന്നിൽ നടന്ന പ്രതിഷേധ യോഗം മുൻ പഞ്ചായത്ത് പ്രസിഡന്റ് കെ സുഭാഷ് ഉദ്ഘാടനം ചെയ്തു.

വികസന പദ്ധതികൾ നടപ്പാക്കാൻ ഭരണസമിതി തയ്യാറാകുന്നില്ലെന്ന് മുൻ ഭരണസമിതി അംഗങ്ങൾ പരാതിയിൽ ആരോപിച്ചു. ഒരു കോടി രൂപയുടെ വഞ്ചിയൂർ കട്ടപ്പറമ്പ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ഉപേക്ഷിച്ചു. വഞ്ചിയൂരിലെ അറവുശാല ഉൾപ്പെടെ അത്യാധുനിക മാർക്കറ്റ് കഴിഞ്ഞ രണ്ടര വർഷമായി ലേലം ചെയ്യാതെ ലക്ഷങ്ങൾ നഷ്ടമുണ്ടാക്കി. രണ്ടര ലക്ഷം വരുമാനമുള്ള മാർക്കറ്റ് ഈ വർഷം 36000 രൂപയ്ക്ക് അഭ്യുദയകാംക്ഷികൾക്ക് ലേലത്തിൽ നൽകി. ഒരുകോടി രൂപ ചെലവിൽ കല്ലമ്പലത്ത് ആഴാംകോണത്ത് നിർമിച്ച അത്യാധുനിക നീന്തൽക്കുളം അറ്റകുറ്റപ്പണി നടത്താതെ അടച്ചിട്ടു. രണ്ട് ലക്ഷത്തോളം രൂപ ഇതിലൂടെ നഷ്ടമായി.

തരിശുരഹിത പദ്ധതി പ്രകാരം മുൻ ഭരണസമിതി കൃഷി ചെയ്തിരുന്ന പന്ത്രണ്ട് ഏക്കറോളം പാടശേഖരം തരിശാക്കി. വഞ്ചിയൂരിലെ ബയോഗ്യാസ് പ്ലാന്റ് നിലച്ചതിനാൽ രണ്ടര വർഷമായി അറുപതോളം തെരുവ് വിളക്കുകൾ പ്രകാശിക്കുന്നില്ലെന്നും മുൻഭരണ സമിതി അംഗങ്ങൾ പറഞ്ഞു.

പ്രതിഷേധ യോഗത്തിൽ പി ആർ രാജീവ്, എസ് സുരേഷ് കുമാർ, പി കൊച്ചനിയൻ, പ്രദീപ് ശിവഗിരി, പള്ളിമുക്ക് നാസറുദ്ദീൻ, മേവർക്കൽ നാസർ, ഇല്യാസ്, ജൂബിലി വിനോദ്, ഷൈലജ, ഗീത, ലില്ലി, ലിസി ശ്രീകുമാർ, വിലാസിനി, ഷീല, പ്രസന്ന തുടങ്ങിയവർ സംസാരിച്ചു.

പൂവച്ചലിൽ ലൈഫ് പദ്ധതിയിലെ വീടുകളുടെ താക്കോൽ വിതരണം ചെയ്തു

കാട്ടാക്കട

ലൈഫ് 2020 ഗുണഭോക്താക്കളുടെ കരാർ ഒപ്പ് വയ്ക്കലും, നിർമ്മാണം പൂർത്തീകരിച്ച വീടുകളുടെ താക്കോൽ വിതരണവും പഞ്ചായത്ത് പ്രസിഡന്റ് ടി സനൽ കുമാർ ഉദ്ഘാടനം ചെയ്യുന്നു

പൂവച്ചലിൽ ലൈഫ് പദ്ധതിയിലെ വീടുകളുടെ താക്കോൽ വിതരണം ചെയ്തു. കേരള സർക്കാരിന്റെ നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി, പൂവച്ചൽ ഗ്രാമ പഞ്ചായത്തിൽ നിർമ്മാണം പൂർത്തീകരിച്ച ലൈഫ് ഭവന നിർമ്മാണ പദ്ധതിയിലെ വീടുകളുടെ താക്കോൽ വിതരണം നടന്നു.

ലൈഫ് 2020 ഗുണഭോക്താക്കളുടെ കരാർ ഒപ്പ് വയ്ക്കലും, നിർമ്മാണം പൂർത്തീകരിച്ച വീടുകളുടെ താക്കോൽ വിതരണവും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി. സനൽ കുമാർ ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങിൽ വൈസ് പ്രസിഡന്റ് ഓ ശ്രീകുമാരി അധ്യക്ഷത വഹിച്ചു. ചടങ്ങിൽ വച്ച് ഏഴ് വീടുകളുടെ താക്കോൽ വിതരണം ചെയ്യുകയും, പുതിയ ഏതാനും വീടുകളുടെ കരാർ ഒപ്പിടുകയും ചെയ്തു. പഞ്ചായത്ത് സ്ഥിരം സമിതി അംഗങ്ങളും, മറ്റു ജനപ്രതിനിധികളും സംസാരിച്ചു. വി ഇ ഒ നിഷ സ്വാഗതവും സെക്രട്ടറി ഇൻ ചാർജ് സുനിത ദേവരാജ് നന്ദിയും പറഞ്ഞു.

ഡോ. വന്ദന ദാസിന്റെ വസതിയിലെത്തി ശിവഗിരി മഠം ജനറൽ സെക്രട്ടറി സ്വാമി ശുഭാംഗാനന്ദ ആദരാഞ്ജലി അർപ്പിക്കുന്നു

ജനമുന്നേറ്റ യാത്രയ്ക്ക് സ്വീകരണം

വർക്കല

കേരള മുസ്ലിം ജമാഅത്ത് ഫെഡറേഷന്റെ ജനമുന്നേറ്റ യാത്രയ്ക്ക് വർക്കലയിൽ നൽകിയ സ്വീകരണത്തിൽ ജാഥാ ക്യാപ്റ്റൻ കടയ്ക്കൽ അബ്ദുൽ അസീസ് മൗലവി സംസാരിക്കുന്നു

കേരള മുസ്ലിം ജമാഅത്ത് ഫെഡറേഷന്റെ 40–ാം വാർഷികത്തോടനുബന്ധിച്ച് 13ന് കൊല്ലത്ത് നടക്കുന്ന ജനമുന്നേറ്റ റാലിയുടെയും സമ്മേളനത്തിന്റെയും പ്രചാരണാർഥമുള്ള ജനമുന്നേറ്റ യാത്രയ്ക്ക് വർക്കലയിൽ സ്വീകരണം നൽകി. ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമ പ്രസിഡന്റ് കെ പി അബൂബക്കർ ഹസ്രത്ത് ഉദ്ഘാടനം ചെയ്തു. ജനമുന്നേറ്റ യാത്രാ ക്യാപ്റ്റൻ കടയ്ക്കൽ അബ്ദുൽ അസീസ് മൗലവി, വൈസ് ക്യാപ്റ്റൻ കെ പി മുഹമ്മദ്, ഡയറക്ടർ തൊടിയൂർ മുഹമ്മദ് കുഞ്ഞി മൗലവി, കോ ഓർഡിനേറ്റർ പാങ്ങോട് കമറുദ്ദീൻ മൗലവി എന്നിവർക്ക് സ്വീകരണം നൽകി.

അബ്ദുൽ ഹക്കീം മൗലവി അൽഹാദി അധ്യക്ഷനായി. ഇലവുപാലം ഷംസുദ്ദീൻ മന്നാനി മുഖ്യപ്രഭാഷണം നടത്തി. കടയ്ക്കൽ ജുനൈദ്, പനവൂർ സഫീർഖാൻ മന്നാനി, തോന്നയ്ക്കൽ കെ എച്ച് മുഹമ്മദ് മൗലവി, പാലുവള്ളി അബ്ദുൽ ജബ്ബാർ മൗലവി, പുലിപ്പാറ സുലൈമാൻ മൗലവി, എ ആർ അൽ അമീൻ റഹുമാനി തുടങ്ങിയവർ സംസാരിച്ചു.

ശാർക്കര റെയിൽവേ ഗേറ്റ് തുറന്നു

ചിറയിൻകീഴ്

അറ്റകുറ്റപ്പണികൾക്കായി അടച്ചിട്ടിരുന്ന ശാർക്കര റെയിൽവേ ഗേറ്റ് വ്യാഴം രാവിലെ മുതൽ തുറന്നു നൽകി. ചൊവ്വ വൈകിട്ട് തുറക്കുമെന്നറിയിച്ചിരുന്നെങ്കിലും പണി പൂർത്തിയായിരുന്നില്ല.

വീട്ടുനമ്പറിനായി ആറുവർഷം; അദാലത്തിൽ പരിഹാരം

കാട്ടാക്കട

താമസിക്കുന്ന വീടിന് നമ്പറില്ലാതെ പ്രയാസത്തിലായ കള്ളിക്കാട് സ്വദേശി സതീഷ് കുമാറിന് അദാലത്തിൽ പരിഹാരം. ആറുവർഷത്തെ അലച്ചിലിനാണ് ആശ്വാസമായത്. മക്കൾക്ക് വിദ്യാഭ്യാസ വായ്പ പോലും എടുക്കാനാകാതെ പ്രതിസന്ധിയിലായിരുന്നു സതീഷ്. 2016ലെ അപേക്ഷ അദാലത്തിൽ മന്ത്രി ജി ആർ അനിലാണ് പരാതി പരിഹരിച്ചത്.

മലയോര ഹൈവേയുടെ സ്ഥലമെറ്റെടുപ്പുമായി ബന്ധപ്പെട്ട് തന്റെ കടമുറി ഉൾപ്പെടുന്ന സ്ഥലം സതീഷ് സൗജന്യമായി വിട്ടു നൽകിയിരുന്നു. ബാക്കിയുള്ള കടമുറികൾക്ക് കെട്ടിട നമ്പർ ഉണ്ട്. എന്നാൽ, ഈ സ്ഥലത്തുനിന്ന് മൂന്നുമീറ്ററോളം മാറി നിർമിച്ച വീടിന് നമ്പർ ലഭിച്ചില്ല. വീടിനുമുന്നിലെ വഴിയെ കുറിച്ചുള്ള ആശയക്കുഴപ്പമാണ് നമ്പർ ലഭിക്കുന്നതിന് തടസമായത്. സതീഷിന്റെ നിസ്സഹായത മനസിലാക്കിയ മന്ത്രി ഉടനടി നടപടി നിർദേശിച്ചു.

വെൻസിലാസിന് ലഭിച്ചത് ജീവിതവെളിച്ചം

കാട്ടാക്കട

കാഴ്ചശക്തിയില്ലാത്ത അച്ഛൻ വെൻസിലാസിനെയുംകൂട്ടിയാണ് പത്താം ക്ലാസ് വിദ്യാർഥി വിനിൽ എത്തിയത്. "അച്ഛൻ വെൻസിലാസിന് ലോട്ടറിക്കച്ചവടം തുടങ്ങാൻ സാമ്പത്തിക സഹായം അനുവദിക്കണം"– ഇതായിരുന്നു വിനിലിന്റെ ആവശ്യം.

സർക്കാരിൽനിന്ന് ലഭിക്കുന്ന വികലാംഗ പെൻഷൻ മാത്രമാണ് രണ്ട് ആൺമക്കളും ഭാര്യയും അടങ്ങുന്ന വെൻസിലാസിന്റെ കുടുംബത്തിന്റെ ഏക ആശ്രയം. ഉപജീവനത്തിനുവേണ്ടി ലോട്ടറിക്കച്ചവടം തുടങ്ങാം എന്ന് വെൻസിലാസ് ആഗ്രഹിച്ചു. എന്നാൽ ഇതിനുള്ള മൂലധനം കണ്ടെത്താൻ പ്രയാസമായിരുന്നു. അപ്പോഴാണ് അദാലത്തിനെപ്പറ്റി അറിയുന്നത്. മന്ത്രി ആന്റണി രാജുവിനെ കണ്ട് തന്റെ ആവശ്യം അറിയിച്ചു. വെൻസിലാസിന് ലോട്ടറിക്കച്ചവടം തുടങ്ങാനുള്ള സാമ്പത്തിക സഹായം അനുവദിക്കുകയും ഉടനടി സഹായം കൈമാറാനുള്ള നടപടി സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകുകയും ചെയ്തു.

ഇലകമൺ പഞ്ചായത്ത് സിഡിഎസ് വാർഷികം മന്ത്രി കെ ചിഞ്ചുറാണി ഉദ്ഘാടനം ചെയ്യുന്നു. വി ജോയി എംഎൽഎ സമീപം

മക്കാംകോണം പി രവീന്ദ്രൻ നായർ അനുസ്മരണം ഇ എ സലിം ഉദ്ഘാടനം ചെയ്യുന്നു

ഇ കെ നായനാർ ചാരിറ്റബിൾ ട്രസ്റ്റിന് സംഭാവന നൽകി

വെഞ്ഞാറമൂട്

വിവാഹവേദിയിൽ ഇ കെ നായനാർ ചാരിറ്റബിൾ ട്രസ്റ്റിന് സംഭാവന നൽകി. സിപിഐ എം വാമനപുരം എൽസി അംഗം വാമനപുരം വാത്സല്യത്തിൽ വി എസ് അശോകിന്റെയും വിദ്യയുടെയും മകനായ അഡ്വ. ഋഷികേശവിന്റെയും അഡ്വ. അനുശ്രീയുടെയും വിവാഹവേദിയിലാണ് ഇ കെ നായനാർ ചാരിറ്റബിൾ ട്രസ്റ്റിനുള്ള സംഭാവന നൽകിയത്. സിപിഐ എം ജില്ലാ സെക്രട്ടറി വി ജോയി ഏറ്റുവാങ്ങി.

ഓപ്പൺ ജിം പ്രവർത്തനം തുടങ്ങി

നെടുമങ്ങാട്

ആരോഗ്യപരിപാലനം എല്ലാവർക്കും സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് വേങ്കവിള ഡിവിഷനിൽ ഓപ്പൺ ജിം തുറന്നു. എ എ റഹിം എം പി ഉദ്ഘാടനം ചെയ്തു. ബ്ലോക്കു പഞ്ചായത്ത് 2022–23 ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി 14 ലക്ഷം രൂപ ചെലവിലാണ് ഓപ്പൺ ജിം നിർമിച്ചത്. എയർ വാക്കർ, ട്വിസ്റ്റർ, ലെഗ് പ്രസ്സ്, റോവർ തുടങ്ങി അത്യാധുനിക ഉപകരണങ്ങൾ ഇവിടെയുണ്ട്. പ്രഭാതനടത്തത്തിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. 15 മുതൽ 60 വയസ്സുവരെയുള്ളവർക്കാണ് പ്രവേശനം. സ്ത്രീ പുരുഷ ഭേദമന്യേ ഏവർക്കും ജിം ഉപയോഗിക്കാം.

ആനാട് പഞ്ചായത്തിലെ വേങ്കവിള അങ്കണവാടിക്ക് സമീപമാണ് ജിം. ബ്ലോക്കു പഞ്ചായത്ത് പ്രസിഡന്റ് വി അമ്പിളി അധ്യക്ഷയായി. തെരഞ്ഞെടുത്ത 30 സ്പോർട്സ് ക്ലബ്ബുകൾക്കുള്ള സ്പോർട്സ് കിറ്റ് വിതരണവും എം പി നിർവഹിച്ചു.

3 കുടുംബങ്ങൾക്ക് പട്ടയം

കാട്ടാക്കട

വസ്തുവിന് പട്ടയം ലഭിക്കുന്നതിന് മംഗലത്ത്കോണം സ്വദേശികളായ റോബിൻസൺ–അംബിക ദമ്പതികൾ കാത്തിരുന്നത് മുപ്പത് വർഷം. സംസാരശേഷിയില്ലാത്ത റോബിൻസൺ സ്വന്തമായുള്ള 13 സെന്റ് സ്ഥലത്തിന്റെ പട്ടയത്തിനായാണ് വിവിധ ഓഫീസുകൾ കയറിയിറങ്ങിയത്. സാങ്കേതിക തടസ്സങ്ങൾ കാരണം പട്ടയം നൽകാൻ സാധിച്ചിരുന്നില്ല. അംബിക വീട്ടുജോലിക്കാരിയാണ്. ഇവരുടെ മകൻ ഡ്രൈവറാണ്. സ്വന്തമായി വീട് എന്ന സ്വപ്നത്തിലേക്കാണ് കാട്ടാക്കട അദാലത്ത് ഇവരെ കൈപിടിച്ചുകൊണ്ടുപോയത്.

കുറ്റിച്ചൽ നെല്ലിക്കുന്ന് കോളനിയിൽ താമസക്കാരായ വയോധിക ദമ്പതികളാണ് ബാബുവും ലീലയും. ഇവരുടെ വീട് ഉൾപ്പെടുന്ന നാല് സെന്റ് ഭൂമിക്കും പട്ടയം അനുവദിച്ചു.

ക്യാൻസറിനൊപ്പം ക്ഷയരോഗവും പിടിപെട്ട ജഗദേവനും ഭാര്യ മോളികുമാരിക്കും സ്വന്തം ഭൂമിക്കുള്ള പട്ടയം വിതരണം ചെയ്തു.

മക്കാംകോണം പി രവീന്ദ്രൻ നായർ അനുസ്മരണം

വെഞ്ഞാറമൂട്

സിപിഐ എം വെഞ്ഞാറമൂട് ലോക്കൽ സെക്രട്ടറിയും സർവീസ് സഹകരണബാങ്ക് പ്രസിഡന്റുമായിരുന്ന മക്കാംകോണം പി രവീന്ദ്രൻ നായരുടെ 22–ാമത് ചരമവാർഷികം ആചരിച്ചു. രാവിലെ സ്മൃതികുടീരത്തിൽ പുഷ്പാർച്ചനയ്ക്ക് ശേഷം നടന്ന അനുസ്മരണ യോഗം ഏരിയ സെക്രട്ടറി ഇ എ സലിം ഉദ്ഘാടനം ചെയ്തു. കെ ബാബുരാജ് അധ്യക്ഷനായി. ഏരിയ കമ്മിറ്റി അംഗങ്ങളായ ബി ബാലചന്ദ്രൻ, പി ജി സുധീർ, വൈ വി ശോഭകുമാർ, മക്കാംകോണം ഷിബു, ആർ ഉഷാകുമാരി, എൽ എസ് മഞ്ജു, എസ് ഷിഹാസ് തുടങ്ങിയവർ സംസാരിച്ചു.

വി ശശി MLA യുടെ പ്രത്യേക വികസന ഫണ്ടിൽ നിന്നും സ്ഥാപിച്ചത്
2022-2023
Amount:5,04,686/-

ശാർക്കര ബൈപാസ് ജങ്ഷനിൽ സ്ഥാപിച്ച ഹൈമാസ്റ്റ് ലൈറ്റ് വി ശശി എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു

ഹൈമാസ്റ്റ് ലൈറ്റ് ഉദ്ഘാടനം ചെയ്തു

ചിറയിൻകീഴ്

ശാർക്കര ബൈപാസ് ജങ്ഷനിൽ സ്ഥാപിച്ച ഹൈമാസ്റ്റ് ലൈറ്റിന്റെ ഉദ്ഘാടനം വി ശശി എംഎൽഎ നിർവഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് പി മുരളി അധ്യക്ഷനായി. ജില്ലാ പഞ്ചായത്തംഗം ആർ സുഭാഷ്, ജി വ്യാസൻ എന്നിവർ സംസാരിച്ചു. വി ശശി എംഎൽഎയുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ചാണ് ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിച്ചത്.

'അധ്യാപകർ കുട്ടികളുടെ വീട്ടിലേക്ക്' പരിപാടിക്ക് തുടക്കം

കാട്ടാക്കട

കെഎസ്ടിഎ നടത്തുന്ന 'അധ്യാപകർ കുട്ടികളുടെ വീട്ടിലേക്ക്' എന്ന പരിപാടിക്ക് കാട്ടാക്കട ഉപജില്ലയിൽ തുടക്കമായി. അതിഥിത്തൊഴിലാളിയുടെ മക്കൾക്ക് മധുരവും ബാഗുകളും സമ്മാനിച്ച് ഐ ബി സതീഷ് എംഎൽഎ ഉദ്ഘാടനം നിർവഹിച്ചു. കൊൽക്കത്തക്കാരായ പ്രിയംകതയുടെയും റജീബ് ദാസിന്റെയും മക്കളായ റിയാദാസ്, നീരൻ ദാസ് എന്നിവർക്കാണ് മധുരവും ബാഗും സമ്മിച്ചത്. കാട്ടാക്കട കുളത്തുമ്മൽ എൽപി സ്കൂളിലെ വിദ്യാർഥികളാണിവർ. കുട്ടികൾക്ക് അസംബ്ലിയിൽ പ്രതിജ്ഞ ചൊല്ലി കൊടുക്കുന്നത് റിയാ ദാസാണ്. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം സൃഷ്ടിച്ച മാറ്റത്തിന്റെ മാതൃകകളാണിവരെന്ന് എംഎൽഎ പറഞ്ഞു.

കരാർ നിയമനം

മംഗലപുരം

കഠിനംകുളം ഗ്രാമപഞ്ചായത്തിലേക്ക് സ്പീച്ച് ബിഹേവിയർ ആൻഡ് ഒക്കുപേഷണൽ തെറാപിസ്റ്റിനെ ഒരുവർഷത്തെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നു. ബന്ധപ്പെട്ട വിഷയങ്ങളിൽ ഡിഗ്രി, ഡിപ്ലോമ ഉള്ളവർ ബയോഡാറ്റയും യോഗ്യതകൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസൽ സഹിതം 19ന് ഉച്ചയ്ക്ക് രണ്ടിനകം പഞ്ചായത്ത് ഓഫീസിൽ ഹാജരാകേണ്ടതാണ്. ഡിഗ്രി, പ്രവൃത്തി പരിചയം ഉള്ളവർക്ക് മുൻഗണന. അന്വേഷണങ്ങൾക്ക് ഐസിഡിഎസ് സൂപ്പർവൈസറുമായോ കഠിനംകുളം ഗ്രാമപഞ്ചായത്ത് കാര്യാലയമായോ ബന്ധപ്പെടാം.

ഭാര്യാമാതാവിനെ കാറിടിച്ച് പരിക്കേൽപ്പിക്കാൻ ശ്രമം; പ്രതി പിടിയിൽ

വർക്കല

ഭാര്യാമാതാവിനെ കാറിടിച്ച് പരിക്കേൽപ്പിക്കാൻ ശ്രമിച്ച കേസിലെ പ്രതി പൊലീസ് പിടിയിലായി. താഴെ വെട്ടൂർ നൈസാം ലാന്റിൽ നൈസാം (35) ആണ് അയിരൂർ പൊലീസ് അറസ്റ്റുചെയ്തത്. അഞ്ചുമുക്ക് സ്നേഹഹൗസിൽ റഹീന (54) ആണ് മരുമകനായ നൈസാമിനെതിരെ അയിരൂർ പൊലീസിൽ പരാതി നൽകിയത്. അറസ്റ്റുചെയ്ത പ്രതിയെ കോടതിയിൽ ഹാജരാക്കി.

നൈസാം ഭാര്യയുമായി പിണങ്ങിയതിനെതുടർന്ന് മാതാവിനൊപ്പമാണ് ഭാര്യയും മകളും താമസിക്കുന്നത്. ഇക്കഴിഞ്ഞ ഒമ്പതിന് രാവിലെ റഹീനയുടെ വീട്ടിലെത്തിയ നൈസാം തന്റെ മകളെ കാണണമെന്ന ആവശ്യപ്പെട്ടെങ്കിലും റഹീന വിസമ്മതിച്ച് വീടിന്റെ ഗേറ്റ് അടയ്ക്കുകയായിരുന്നു. ഇതേത്തുടർന്ന് നൈസാം കാറ് ഗേറ്റിൽ ഇടിയ്ക്കുകയും ഈ ശബ്ദം കേട്ട റഹീന നിലത്ത് വീഴുകയുമായിരുന്നു. വീഴ്ചയിൽ റഹീനയുടെ വലതു കൈയ്ക്ക് പരിക്കേറ്റിട്ടുണ്ട്.

പെരുങ്ങുഴിയിൽ മോഷണം പതിവാകുന്നു

ചിറയിൻകീഴ്

പെരുങ്ങുഴി പ്ലാവിന്റെമൂട് കേന്ദ്രീകരിച്ച് വ്യാപക മോഷണം. കഴിഞ്ഞ ദിവസം രാത്രി ക്ഷേത്രത്തിലടക്കം മൂന്നിടത്താണ് മോഷണം നടന്നത്. കുന്നിൽ സതീദേവി ക്ഷേത്രത്തിലെ കാണിക്കവഞ്ചി കുത്തിത്തുറന്ന് പണം അപഹരിച്ചു. ക്ഷേത്രം ഓഫീസ് മുറിയിലെ കാണിക്കവഞ്ചിയടക്കം പൂട്ട് കുത്തിപ്പൊളിച്ചു. പെരുങ്ങുഴി അനുപമ ജങ്ഷന് സമീപം സ്ഥാപിച്ചിരുന്ന കാണിക്കവഞ്ചിയും കഴിഞ്ഞ ശനിയാഴ്ച കുത്തിപ്പൊളിച്ച് പണം അപഹരിച്ചിരുന്നു. പ്ലാവിന്റെമൂട്ടിലെ കട കുത്തിത്തുറന്ന് പണവും കടയിലെ സിഗരറ്റ്, മിഠായി എന്നിവയും കവർന്നു. സമീപത്തെ നേതാജി പുരുഷ സ്വയം സഹായ സംഘത്തിന്റെ ഓഫീസ് മുറിയും കുത്തിത്തുറന്നിട്ടുണ്ട്. പൊലീസിൽ പരാതി നൽകിയിട്ടുണ്ട്.

വീടിന്റെ ജനൽ പൊളിച്ച് 12 പവനും 50,000 രൂപയും കവർന്നു

കിളിമാനൂർ

പോങ്ങനാട് വീടിന്റെ ജനൽ പൊളിച്ച് 12 പവനും 50,000 രൂപയും കവർന്നു. വെള്ളിയാഴ്ച പകൽ പള്ളിക്കുന്ന് ഇഎഫ് മൻസിലിൽ ഇബ്രാഹിമിന്റെ വീട്ടിലാണ് മോഷണം. ഇബ്രാഹിമും കുടുംബവും രാവിലെ എട്ടോടെ പുറത്തുപോയിരുന്നു. പകൽ രണ്ടോടെ തിരിച്ചെത്തിയപ്പോഴാണ് മോഷണം അറിയുന്നത്. വീടിന് പിറക് വശത്തെ തടി ജനൽ പൊളിച്ചാണ് മോഷ്ടാവ് അകത്ത് കടന്നത്. കിളിമാനൂർ പൊലീസ് അന്വേഷണം ആരംഭിച്ചു.

സിഡിഎസ് വാർഷികം

വർക്കല

ഇലകമൺ പഞ്ചായത്ത് സിഡിഎസ് വാർഷികം മന്ത്രി കെ ചിഞ്ചുറാണി ഉദ്ഘാടനം ചെയ്തു. വി ജോയി എംഎൽഎ അധ്യക്ഷനായി. ചടങ്ങിൽ ബഡ്സ് സ്കൂളിലേക്കുള്ള ഫ്രിഡ്ജ് മന്ത്രിയും അർബുദ രോഗികൾക്കുള്ള ധനസഹായം വി ജോയി എംഎൽഎയും കേരള ബാങ്ക് വായ്പാ പദ്ധതി കേരള ബാങ്ക് ഡയറക്ടർ എസ് ഷാജഹാനും വിതരണം ചെയ്തു. മികച്ച ആശാവർക്കർ, ഹരിതകർമസേനാംഗങ്ങൾഎന്നിവരെ ആദരിച്ചു. സിപിഐ എം വർക്കല ഏരിയ സെക്രട്ടറി എം കെ യൂസഫ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സ്മിത സുന്ദരേശൻ, ജില്ലാ പഞ്ചായത്തംഗം ഗീത നസീർ, പഞ്ചായത്ത് പ്രസിഡന്റ് ആർ സൂര്യ എന്നിവർ സംസാരിച്ചു.

ക്രാഫ്റ്റ് വില്ലേജിൽ ശിൽപ്പശാല

കോവളം

കേരള ആർട്സ് ആൻഡ് ക്രാഫ്റ്റ്സ് വില്ലേജിൽ സ്ഥാപിച്ച കെഎസിവി കളരി അക്കാദമിയുടെ ഉദ്ഘാടനത്തിന്റെ ഭാഗമായി 14 ദിവസത്തെ 'മെയ്ത്താരി' ശിൽപ്പശാല സംഘടിപ്പിക്കും. 17 മുതൽ 30 വരെ നടക്കുന്ന ശിൽപ്പശാല കെഎസിവി കളരി അക്കാദമി മേധാവി മീനാക്ഷിയമ്മ നയിക്കും. നർത്തകി കപില വേണു നവരസത്തിൽ അഭിനയ പരിശീലനം നൽകും. ക്രാഫ്റ്റ്സ് വില്ലേജിലെ കലാകാരന്മാർ കരകൗശല നിർമാണത്തിൽ പരിശീലനം നൽകും.

സൗജന്യ അവധിക്കാല പരിശീലനം

കിളിമാനൂർ

പ്ലസ് ടു പരീക്ഷാ ഫലം കാത്തിരിക്കുന്ന വിദ്യാർഥികൾക്കായി രാജധാനി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻജിനിയറിങ് ആൻഡ് ടെക്നോളജി സംഘടിപ്പിക്കുന്ന അവധിക്കാലപരിശീലന കളരി 22 മുതൽ. വെബ് ഡിസൈൻ, ഗെയിം പ്രോഗ്രാമിങ്, ത്രീ ഡി പ്രിന്റിങ്, വെർച്വൽ റിയാലിറ്റി, റോബോട്ടിക്സ് പരിശീലനമാണ് നൽകുക. രണ്ടാഴ്ചത്തെ പരിശീലനത്തിന് https://forms.gle/PDVGTp9aBMJTriKs9 അപേക്ഷിക്കാം. അവസാന തീയതി 19. ഫോൺ: 8113877773, 0470 2775500.

വനിതാ അധ്യാപക ഒഴിവ്

കിളിമാനൂർ

പട്ടികജാതി വികസന വകുപ്പിന്റെയും ബ്ലോക്ക് പഞ്ചായത്തിന്റെയും നിയന്ത്രണത്തിലുള്ള പുതിയകാവ് അയ്യപ്പൻകാവ് നഗറിലെ പെൺകുട്ടികളുടെ പ്രീ മെട്രിക് ഹോസ്റ്റലിൽ 2023–24 അധ്യയന വർഷത്തിൽ 5 മുതൽ 10 വരെ ക്ലാസിലെ വിദ്യാർഥികൾക്ക് ട്യൂഷൻ എടുക്കുന്നതിന് വനിതാ അധ്യാപകരെ നിയമിക്കുന്നു. ഹൈസ്കൂൾ വിഭാഗത്തിൽ ഫിസിക്കൽ സയൻസ്, നാച്ചുറൽ സയൻസ്, സോഷ്യൽ സയൻസ്, ഇംഗ്ലീഷ്, ഹിന്ദി, മാത്തമാറ്റിക്സ് എന്നീ വിഷയങ്ങളിൽ ബിരുദവും ബിഎഡും ഉള്ളവർക്കും യു പി വിഭാഗത്തിൽ ബിരുദവും ബിഎഡ്, ടിടിസി ഉള്ളവർക്കും അപേക്ഷിക്കാം. താൽപ്പര്യമുള്ളവർ മെയ് 24ന് വൈകിട്ട് അഞ്ചിന് മുമ്പായി അസ്സൽ സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾസഹിതം ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ അപേക്ഷിക്കണം. ഫോൺ: 8547630019

ചാനൽ സിനിമ

കൈരളി

6.30	വിവേകം
9.00	ബാബാകല്യാണി
12.00	ജല്ലിക്കെട്ട്
4.00	വല്യേട്ടൻ
7.30	മദ്രാസി
10.00	കൊടി

വി

7.00	മാന്ത്രികക്കുതിര
10.00	കോമാളി
3.00	കുറ്റപത്രം
5.30	ജോസഫ്
8.00	പട്ടണത്തിൽ സുന്ദരൻ
11.00	മനുഷ്യമൃഗം

ഏഷ്യാനെറ്റ്

9.30	തൃശൂർപൂരം

ഏഷ്യാനെറ്റ് മൂവിസ്

7.00	മിന്നാരം
10.00	ആട് 2
1.00	പാൽതു ജാൻവർ
3.30	കെജിഎഫ്
7.00	ബ്രോ ഡാഡി
10.30	ലവ് ആക്ഷൻ ഡ്രാമ

സൂര്യ

8.30	കൊച്ചൗവ്വ പൗലോ അയ്യപ്പ കൊയ്‌ലോ
2.30	സപ്തമശ്രീ തസ്കരാ

സൂര്യ മൂവിസ്

7.00	ധ്വനി
10.00	മുഖമുദ്ര
1.00	ഊമപ്പെണ്ണിന് ഉരിയാടാപയ്യൻ
4.00	തെക്കേക്കര സൂപ്പർഫാസ്റ്റ്
7.00	നായർസാബ്
10.00	ചുക്കാൻ